# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: 1174. 02-05-2017 ൽ മറുപടിയ്ക്ക്

## കേരളത്തിലെ നെല്ല് ഉത്പാദനം

**ചോദ്യം**

ശ്രീ.വി. കെ. സി. മമ്മത് കോയ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിൽ നെല്ല് ഉത്പാദനം വർദ്ധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കണക്കുകൾ ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം 2016-17 ലെ നെല്ലിന്റെ ഉല്പാദനത്തിന്റെ കണക്ക് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ തരിശുകിടന്ന 5746.092 ഹെക്ടർ സ്ഥലത്ത് പുതിയതായി ഈ സർക്കാർ വന്നതിന് ശേഷം കൃഷി ഇറക്കിയിട്ടുണ്ട്. |
| (ബി) | നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ കർഷകർക്ക് നൽകി വരുന്നുണ്ടോ; എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; | (ബി) യും (സി) യും | നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും നെൽ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി താഴെപ്പറയുന്ന പദ്ധതികൾ മുഖാന്തിരം കർഷകർക്ക് ധനസഹായം നൽകി വരുന്നു:-<br>**1.സുസ്ഥിര നെൽകൃഷി വികസനം-**<br>ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500/- രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.<br>**2. വികസന ഏജൻസികൾക്കുള്ള ഫണ്ട്-**<br>നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.<br>**3.പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം-**<br>പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, |
| (സി) | നെൽകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, മറ്റിനങ്ങൾ) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>**4.പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുളള പദ്ധതി-**<br>പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ (പരമാവധി 50,000 രൂപ ഒരു പാടശേഖരത്തിന്) 300 ലക്ഷം രൂപ 83333.3 ഹെക്ടർ പ്രദേശത്തേക്ക് വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>**5. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008- ഡാറ്റാ ബാങ്ക് വാലിഡേഷൻ** കെ.എസ്.ആർ.ഇ.സി. യുടെ സഹകരണത്തോടെ പഞ്ചായത്തുകളിൽ തയ്യാറാക്കിയിട്ടുള്ള ഡാറ്റാബാങ്ക് ഉപഗ്രഹ ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ വാലിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2017-2018 വർഷം ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>**6.കരനെൽകൃഷി വികസനം-**<br>സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2500 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600/- രൂപ സബ്സിഡി) 350 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>**7.തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേക്ക്** ഒരു ഹെക്ടറിന് 30000 രൂപാ നിരക്കിൽ, 2957 ഹെക്ടറിന് (25,000/- രൂപ കർഷകനും 5000/- രൂപ ഭൂ ഉടമയ്ക്കും) 887 ലക്ഷം രൂപയും 2016-2017 വർഷം നടപ്പിലാക്കിയ തരിശുനില നെൽകൃഷി നിലനിർത്തുന്നതിനായി രണ്ടാം വർഷ ധനസഹായം (2900 ഹെ.) ഹെക്ടറിന് 7000/- (5800/- രൂപ കർഷകനും 1200/- രൂപ ഭൂ ഉടമയ്ക്കും) നിരക്കിൽ നൽകുന്നതിനായി 203 ലക്ഷം രൂപയും അത്തരത്തിൽ ആകെ 1090 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **8.തരിശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്ത് തല അവാർഡ്**<br>ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, ഏറ്റവും നല്ല പ്രോജക്ടടിസ്ഥാന നഗരപ്രദേശ നെൽകൃഷി എന്നിവയ്ക്കായി അവാർഡ് നൽകുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>**9. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേയ്ക്കായുള്ള ധനസഹായം.**<br>ഹെക്ടറിന് 10000/- രൂപ ധനസഹായനിരക്കിൽ 1500 ഹെക്ടറിന് 150 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്.<br>**10. നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ടടിസ്ഥാനത്തിലുള്ള നെൽകൃഷി വികസനത്തിനുള്ള ധനസഹായം**<br>ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>**11. നെൽവർഷത്തോടനുബന്ധിച്ച് നെൽകൃഷിയിൽ നൂതനാശയങ്ങൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം**<br>ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 262 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>**12. പദ്ധതി പ്രവർത്തനത്തിനായുള്ള ധനസഹായം**<br>ഇതിലേക്കായി 58 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>**13. രജിസ്റ്റേഡ് വിത്തുല്പാദന പദ്ധതി.**<br>ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ